(ബി)-(ഡി) ബാധകമല്ല.

നബാർഡിന്റെ സഹായത്തോടെ നടപ്പാക്കുന്ന കൃഷി വികസന പദ്ധതി

17 (*227)ശ്രീ. എ. കണാരൻ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നെൽകൃഷി, തെങ്ങുകൃഷി എന്നിവയുടെ സംരക്ഷണത്തിനും സമഗ്രവികസനത്തിനുമായി എന്തെങ്കിലും പദ്ധതി നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നുവോ; എങ്കിൽ എപ്പോൾ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിക്ക് അംഗീകാരം ലഭിച്ചുവോ;

(ഡി) പദ്ധതിയുടെ നടത്തിപ്പിനായി നബാർഡ് സാമ്പത്തിക സഹായം ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്തെ ഏതൊക്കെ ജില്ലകളിലാണ് ഇപ്രകാരമുള്ള കൃഷി വികസന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(എഫ്) സംസ്ഥാനത്തെ കൂടുതൽ ജില്ലകളിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശമുണ്ടോ;

(ജി) ഈ പദ്ധതി സംസ്ഥാനത്ത് എപ്പോൾ ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ)-(ജി) ഓണാട്ടുകര പ്രദേശത്തെ പുഞ്ചപാടങ്ങളുടെ വികസനത്തിനായി ഒരു പദ്ധതി നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുകവഴി നെൽകൃഷി, തെങ്ങുകൃഷി എന്നിവയുടെ സമഗ്രവികസനം ആ പ്രദേശങ്ങളിൽ ഏറെക്കുറെ ഉറപ്പുവരുത്തുന്നതാണ്. 46 കോടി രൂപയുടെ പദ്ധതിയാണ് സമർപ്പിച്ചിരുന്നത്. പദ്ധതിക്ക് അംഗീകാരം ലഭിച്ചു. ഒന്നാം ഘട്ടത്തിൽ 11.69 കോടി രൂപയുടെ സഹായം നബാർഡ് അനുവദിച്ചിട്ടുണ്ട്. കൂടുതൽ ജില്ലകളിലേക്ക് പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശമുണ്ട്. കൂടാതെ മണ്ണുസംരക്ഷണപ്രവർത്തനങ്ങൾ നടത്തുന്നതിനായി 20 വാട്ടർ ഷെഡുകളുൾപ്പെടെ 1021.85 ലക്ഷം രൂപയുടെ ഒരു പ്രോജക്ട് നബാർഡിന് നൽകിയിട്ടുണ്ട്. പാലക്കാട്, വയനാട്, ആലപ്പുഴ എന്നീ ജില്ലകൾ ഒഴികെ എല്ലാ ജില്ലകളിലുമുൾപ്പെട്ടതാണ് ഈ പദ്ധതി. നബാർഡിന്റെ പരിഗണനയിലാണ്. കൂടാതെ ഈ വർഷം നടപ്പിലാക്കുന്നതിനായി 8 റിക്ലമേഷൻ സ്കീമുകൾക്ക് നബാർഡ് അനുമതി നൽകിയിട്ടുണ്ട്. 821.48 ലക്ഷം രൂപ അടങ്കൽ തുകയുള്ള ഈ പദ്ധതി തൃശ്ശൂർ, എറണാകുളം, ആലപ്പുഴ, കൊല്ലം എന്നീ ജില്ലകളിലാണ് നടപ്പാക്കുന്നത്. തന്മൂലം പദ്ധതി പ്രദേശങ്ങളിലെ നെൽകൃഷി, തെങ്ങുകൃഷി എന്നിവയുടെ സമഗ്രവികസനം ഉറപ്പുവരുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly